**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **08-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് തീരദേശ ഹൈവേ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ 623 കി.മീ ദൂരത്തിലാണ് വിഭാവന ചെയ്യുന്നത്. ഇതിൽ 468 കി.മീ വരുന്ന 33 റീച്ചുകളാണ് KRFB-PMU വിന് കീഴിൽ വികസിപ്പിക്കുന്നത്. 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി പദ്ധതിയ്ക്ക് നൽകിയിട്ടുണ്ട്. 1867 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ഇതിൽ 19 കിലോമീറ്ററോളം ദൂരത്തിൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. 394 കിലോമീറ്ററോളം ദൂരത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനു പുറമെയുള്ള, ദേശീയപാത/ പോർട്ട് കണക്റ്റിവിറ്റി റോഡ് ഓവർലാപ്പ് വരുന്ന സ്ട്രെച്ച് ഒഴികെയുള്ള ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ സ്ട്രെച്ചുകൾ തയ്യാറാക്കുന്ന നടപടികൾ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി മുഖേന പുരോഗമിച്ച് വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ (ബി) ഓർഡർ, അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ എല്ലാ ജില്ലയിലും ലഭ്യമായിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭ്യമായ എല്ലാ റീച്ചുകളിലും റവന്യൂ വകുപ്പിലേക്കുള്ള ആനുഷാംഗിക തുക കൈമാറുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികളുമായി മുന്നോട്ട് പോവുകയും ചെയ്യുന്നു. 190 കിമീ ഭാഗത്ത് ഇതിനോടകം അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.** |
| (ബി) | തീരദേശത്ത് നിലവിലുള്ള പാത വീതി കൂട്ടി വിപുലീകരിക്കുന്നതിന് പകരം പുതിയ പാത നിർമ്മിക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഭൂരിഭാഗവും നിലവിലുള്ള പാത വീതി കൂട്ടി വിപുലീകരിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ നിലവിലുള്ള പാതയിൽ താരതമ്യേന വീടുകൾ |

| | | | |
|---|---|---|---|
| | | | കൂടുതലുള്ള സ്ഥലങ്ങളിൽ പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥല ലഭ്യതയുള്ള പക്ഷം പുതിയ പാത നിർമ്മിക്കുന്ന രീതിയിലുള്ള അലൈൻ മെന്റും പരിഗണിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ മാനദണ്ഡ പ്രകാരം നിലവിലെ റോഡിന് വീതി കൂട്ടുവാൻ സാധിക്കുന്ന ഇടങ്ങളിൽ വീതി കൂട്ടുകയും, അല്ലാത്ത സ്ഥലങ്ങളിൽ പുതിയ റോഡ് നിർമിക്കുന്ന രീതിയുമാണ് സ്വീകരിച്ചിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ തീരദേശ നിവാസികളെ കുടിയൊഴിപ്പിക്കേണ്ടി വരുമോ; എങ്കിൽ അവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകുമോ? | (സി) | **നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിന്റെയും, പുതിയ റോഡ് നിർമിക്കുന്നതിന്റെയും ഭാഗമായി പദ്ധതി പ്രദേശത്ത് ഭൂമി ഏറ്റെടുക്കേണ്ടതായി വരും. ഏറ്റെടുക്കുന്ന ഭൂമിയുടെയും കെട്ടിട ങ്ങളുടെയും നഷ്ടപരിഹാരം "2013-ലെ പൊന്നുംവില പുനരധിവാസ പുനസ്ഥാപന നിയമം" അനുസരിച്ചാണ് നിജപ്പെടുത്തുന്നത്. തീരദേശ ഹൈവേ കടന്നു പോകുന്ന ഭാഗത്തെ ഭൂപ്രകൃതിയും, പദ്ധതിയുടെ ഭാഗമായി ഭൂമിയും കെട്ടിടങ്ങളും നഷ്ടപ്പെടുന്ന ജനവിഭാഗ ത്തിന്റെ സാമൂഹിക, സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് അവർക്കായി ഒരു പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് പരിഗണനയിലുണ്ട്. തീരദേശവികസന കോർപ്പറേഷൻ മുഖേന ഇത് നടപ്പാക്കാനാണ് ആലോചിക്കുന്നത്.** |

സെക്ഷൻ ഓഫീസർ